<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 659</u> <u>08-10-2024 - ൽ മറുപടിയ്ക്ക്</u>

<u>വയനാട്-കരിന്തളം 400 കെ.വി. പവർ ഹൈവേ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വയനാട്-കരിന്തളം 400 കെ.വി. പവർ ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | കരിന്തളം (കാസർഗോഡ്) - വയനാട് 400 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവൃത്തികളുടെ ചുമതല ടേൺ കീ അടിസ്ഥാനത്തിൽ L&T എന്ന കമ്പനിക്ക് 2022 ൽ നൽകിയിരുന്നുവെങ്കിലും ലൈൻ വലിക്കുന്നതിനും ടവർ സ്ഥാപിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്ന് ചൂണ്ടിക്കാട്ടി പ്രത്യേക നഷ്ടപരിഹാര പാക്കേജ് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലമുടമകൾ തടസ്സം ഉന്നയിക്കുന്നതിനാൽ പ്രവൃത്തിക്ക് ഉദ്ദേശിച്ച പ്രകാരമുള്ള പുരോഗതി ഇതുവരെ കൈവരിക്കാനായിട്ടില്ല. പദ്ധതിയുടെ നിലവിലെ പുരോഗതി ചുവടെ പറയുന്നു.<br><br>നിർമ്മിക്കേണ്ട 400kV ലൈനിന്റെ നീളം -125 കി.മീ (കാസർഗോഡ്-8കി.മീ, കണ്ണൂർ-87 കി.മീ, വയനാട്-30കി.മീ)<br><br>നിർമ്മിക്കേണ്ട ടവറുകളുടെ എണ്ണം - 360 (കാസർഗോഡ്-23 ,കണ്ണൂർ-239, വയനാട്-98)<br><br>ടവർ ഫൗണ്ടേഷൻ പൂർത്തിയായത്- 108 (കാസർഗോഡ്-23 , കണ്ണൂർ-33, വയനാട്-52)<br><br>ടവർ നിർമ്മാണം പൂർത്തിയായത് - 64 (കാസർഗോഡ്-21, കണ്ണൂർ -22, വയനാട്-21) |
| (ബി) | ഭൂമി ഏറ്റെടുക്കലിന് നൽകുന്ന നഷ്ടപരിഹാര പാക്കേജിന് അന്തിമരൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) | ബഹു. വൈദ്യുതി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.05.2024-ൽ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനപ്രകാരം, ഉഡുപ്പി-കാസർകോഡ് ലൈനിന്റെ കർണാടക ഭാഗത്ത് നഷ്ടപരിഹാരം നൽകുന്നതിനായി മംഗലാപുരം ജില്ലാകളക്ടർ 30.12.2022-ൽ പ്രഖ്യാപിച്ച ഉത്തരവിന്റെ മാതൃകയിൽ കാസർകോഡ്-വയനാട് ലൈനിന്റെ നഷ്ടപരിഹാരം താഴെ പറയുന്ന രീതിയിൽ നൽകുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | തീരുമാനം കെ.എസ്.ഇ.ബി.എൽ. 30.07.2024 ലെ ഉത്തരവ് പ്രകാരം കൈക്കൊണ്ടു:-<br><br>ടവർ ഇരിക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരമായി റൂറൽ പ്രദേശത്ത് ഭൂമിയുടെ ന്യായവിലയുടെ (ഏറ്റവും പുതിയ) നാലിരട്ടിയുടെ 85%-വും അർബൻ പ്രദേശത്ത് ഭൂമിയുടെ ന്യായവിലയുടെ മൂന്നിരട്ടിയുടെ 85%-വും അല്ലെങ്കിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിലെ ശരാശരി സ്റ്റാമ്പ് മൂല്യം/ ഇടപാട് മൂല്യത്തിന്റെ 85% -ഇതിലേതാണോ കൂടുതൽ അത്.<br><br>ലൈൻ വലിക്കുന്ന ഇടനാഴിക്കുള്ള നഷ്ടപരിഹാരമായി ഭൂമിയുടെ ന്യായവിലയുടെ (ഏറ്റവും പുതിയ) ഇരട്ടിയുടെ 15% അല്ലെങ്കിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിലെ ശരാശരി സ്റ്റാമ്പ് മൂല്യം/ ഇടപാട് മൂല്യത്തിന്റെ 15%- ഇതിലേതാണോ കൂടുതൽ അത്.<br><br>ഇതിനു മുകളിൽ വരുന്ന നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയാണെങ്കിൽ അധിക ബാധ്യത സർക്കാർ ഏറ്റെടുക്കേണ്ടതാണെന്ന് കെ. എസ്. ഇ. ബി. എൽ. സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ജനപ്രതിനിധികളുമായും കർമ്മസമിതി പ്രവർത്തകരുമായും കണ്ണൂർ ജില്ലാ കളക്ടർ 03.09.2024-ന് വിളിച്ച യോഗത്തിലും സമവായമുണ്ടായില്ല. ലൈൻ പോകുന്ന റൂട്ടിന്റെ സർവേ നടത്തുന്നതിനുപോലും സാധിക്കാത്ത രീതിയിൽ കണ്ണൂർ ജില്ലയിൽ എതിർപ്പ് ശക്തമാണ്.<br><br>തുടർന്ന് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കണ്ണൂർ ജില്ലയിലെ ജനപ്രതിനിധികൾ, സ്ഥലം ഉടമകൾ, ഉദ്യോഗസ്ഥർ എന്നിവർ 18.09.2024ന് യോഗം ചേർന്നു. കൂടുതൽ നഷ്ടപരിഹാരം നൽകുമ്പോഴുള്ള സാമ്പത്തിക ബാധ്യത കണക്കാക്കേണ്ടതുണ്ടെന്നും ഇതിനായി ലൈൻ കടന്നു പോകുന്ന സ്ഥലത്തിന്റെ വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് എത്രയും പെട്ടെന്ന് കെ.എസ്.ഇ.ബി.എൽ.-ന് നൽകണമെന്നും പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ചുള്ള വിവരശേഖരണം ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. |
| (സി) | പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | പ്രവൃത്തി അവാർഡ് ചെയ്ത സമയത്ത് പദ്ധതിയുടെ പൂർത്തീകരണം തീരുമാനിച്ചിരുന്നത് മെയ് 2025 ആണ്. ലൈൻ വലിക്കുന്നതിനും ടവർ സ്ഥാപിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്ന് ചൂണ്ടിക്കാട്ടി |

| | | | |
|---|---|---|---|
| | | | പ്രത്യേക നഷ്ടപരിഹാര പാക്കേജ് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലമുടമകൾ തടസ്സം ഉന്നയിക്കുന്നതിനാൽ പ്രവൃത്തിക്ക് ഉദ്ദേശിച്ച പ്രകാരമുള്ള പുരോഗതി ഇതുവരെ കൈവരിക്കാനായിട്ടില്ല. നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച് തീരുമാനമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ